ടി.കെ ഉബൈദ്



ഖുര്‍ആന്‍ ബോധനം

# 1035

# സൂറ – 33 / അല്‍ അഹ്സാബ്

## സൂക്തം: 34 – 35

അല്ലാഹുവിലും അന്ത്യപ്രവാചകനിലും അവര്‍ അനുശാസിച്ച നിയമങ്ങളിലും മര്യാദകളിലുമുള്ള പൂര്‍ണ വിശ്വാസമാണ് ഈമാന്‍. ഈമാനും ഇസ്‌ലാമും തമ്മിലുള്ള വ്യത്യാസം ഇതാണ്: ഇസ്‌ലാമികാദര്‍ശങ്ങളിലുള്ള സത്യസന്ധമായ വിശ്വാസവും ആ വിശ്വാസത്തിന്റെ താല്‍പര്യങ്ങളോടുള്ള പ്രതിബദ്ധതയുമാണ് ഈമാന്‍. ഇസ്‌ലാം വാക്കും കര്‍മവുമാണ്. ഇസ്‌ലാം ബാഹ്യമാണെങ്കില്‍ ഈമാന്‍ ആന്തരികമാണ്. ഈമാന്‍ പരോക്ഷവും ഇസ്‌ലാം പ്രത്യക്ഷവുമാകുന്നു എന്നും പറയാം.

وَٱذْكُرْنَ مَا يُتْلَىٰ فِى بُيُوتِكُنَّ مِنْ ءَايَٰتِ ٱللَّهِ
وَٱلْحِكْمَةِ ۚ إِنَّ ٱللَّهَ كَانَ لَطِيفًا خَبِيرًا ﴿٣٤﴾

34. സ്വഗൃഹങ്ങളില്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവികസൂക്തങ്ങളും കര്‍മജ്ഞാനവും നിങ്ങള്‍ സ്മരിച്ചുകൊണ്ടിരിക്കുവിന്‍. തീര്‍ച്ചയായും എല്ലാ കാര്യങ്ങളും, സൂക്ഷ്മമായും അഗാധമായും അറിയുന്നവനാണ് അല്ലാഹു.

**34**

وَاذْكُرْنَ = നിങ്ങള്‍ സ്മരിച്ചുകൊണ്ടിരിക്കുവിന്‍
مَا يُتْلَى فِي بُيُوتِكُنَّ مِنْ آيَاتِ اللَّهِ= നിങ്ങളുടെ ഗൃഹങ്ങളില്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവിക സൂക്തങ്ങള്‍
وَالْحِكْمَةِ = (കര്‍മ)ജ്ഞാനവും إِنَّ اللَّهَ= നിശ്ചയം അല്ലാഹു
كَانَ لَطِيفًا خَبِيرًا = സൂക്ഷ്മജ്ഞനും അഗാധജ്ഞനുമാകുന്നു (എല്ലാ കാര്യങ്ങളും സൂക്ഷ്മമായും അഗാധമായും അറിയുന്നവനാകുന്നു)

ذِكْر-ല്‍നിന്നുള്ള സ്ത്രീലിംഗ ശാസനാ ബഹുവചനമാണ് اذْكُرْنَ. ഓര്‍മ, ജപം, പരാമര്‍ശം എന്നിവയാണ് മൗലികമായ അര്‍ഥങ്ങള്‍. പ്രസംഗം, പഠനം, പ്രബോധനം, ചര്‍ച്ച തുടങ്ങിയ ആശയങ്ങളിലും ഉപയോഗിക്കുന്നു. ഈ സന്ദര്‍ഭത്തില്‍ ഈ അര്‍ഥങ്ങളെല്ലാം സാധുവാകുന്നു. تِلَاوَة-ല്‍നിന്നുള്ള വര്‍ത്തമാന കര്‍മണി വചനമാണ് يُتْلَى. ഓത്തും ഓതിക്കേള്‍പ്പിക്കലുമാണ് تِلَاوَة . വേദപാരായണത്തിനാണ് تِلَاوَة എന്ന് സാധാരണ പറയാറുള്ളത്. ദൈവിക സൂക്തങ്ങള്‍- آيَاتِ اللَّهِ- ഖുര്‍ആന്‍ സൂക്തങ്ങളാണ്. ജ്ഞാനവും തത്ത്വവുമാണ് حِكْمَة -ന്റെ ഭാഷാര്‍ഥം. എന്നാല്‍ പ്രവാചകന്മാര്‍ വേദത്തോടൊപ്പം പഠിപ്പിക്കുന്ന حِكْمَة (وَيُعَلِّمُهُم الكتاب والحكمة) വേദതത്ത്വങ്ങളുടെ പ്രയോഗക്രമം പഠിപ്പിക്കലാണ്. അതായത് പ്രവാചകചര്യ - سنة. ചിലയാളുകള്‍ ഈ الْحِكْمَةِ കൊണ്ടുദ്ദേശ്യം ഖുര്‍ആന്‍ തന്നെയാണ് എന്ന് വ്യാഖ്യാനിച്ചിട്ടുള്ളത് ബാലിശമാകുന്നു. എങ്കിലും ചിലര്‍ ആ വ്യാഖ്യാനത്തെ സുന്നത്തിന്റെ പ്രാമാണികതയെ നിഷേധിക്കാന്‍ ഉപയോഗിക്കുന്നുണ്ട്.

വചനതാല്‍പര്യം ഇതാണ്: അല്ലാഹു നിങ്ങളെ പ്രവാചകന്റെ പത്നീപദത്തിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത് നിങ്ങള്‍ക്ക് ആര്‍ഭാടജീവിതത്തിന് സൗകര്യമൊരുക്കിത്തരുന്നതിനു വേണ്ടിയല്ല, മറിച്ച് നിങ്ങള്‍ ദൈവദൂതനെ പിന്തുടര്‍ന്നുകൊണ്ടും പിന്തുണച്ചു കൊണ്ടും അദ്ദേഹം നിര്‍വഹിച്ചുകൊണ്ടിരിക്കുന്ന മഹത്തായ ദൗത്യത്തില്‍ പങ്കാളികളാകുന്നതിനു വേണ്ടിയാണ്.

وَأَنذِرْ عَشِيرَتَكَ الْأَقْرَبِينَ (നിന്റെ ഉറ്റബന്ധുക്കൾക്കൊക്കെയും മുന്നറിയിപ്പ് നൽകണം-26:214). വീടിനു വെളിയിലെന്ന പോലെ വീടിനകത്തും അദ്ദേഹത്തിലേക്ക് ദിവ്യബോധനം ഇറങ്ങാറുണ്ടായിരുന്നു. നാട്ടുകാർക്കെന്ന പോലെ വീട്ടുകാർക്കും വിശിഷ്ടമാതൃകയായിരുന്നു അദ്ദേഹത്തിന്റെ ചര്യകൾ. അതിൽ പൊതു-സ്വകാര്യം എന്ന വിഭജനമുണ്ടായിരുന്നില്ല. പ്രവാചകന്റേതായിട്ടുള്ളതെല്ലാം എല്ലാവർക്കുമുള്ളതാണ്. അതുകൊണ്ടാണ് തിരുമേനിയുടെ ഗാർഹിക ജീവിതത്തിന്റെ സൂക്ഷ്മാംശങ്ങൾ പോലും കൃത്യമായി പഠിച്ചു സൂക്ഷിക്കപ്പെട്ടത്. പ്രവാചകന്റെ സ്വകാര്യജീവിതം കൃത്യമായറിയാൻ സാധിക്കുക വിശുദ്ധ പത്നിമാർക്കു തന്നെയാണല്ലോ. അതിനാൽ മഹാന്മാരായ സ്വഹാബിവര്യന്മാരാൽ പ്രചരിതമായ പ്രവാചക വിജ്ഞാനത്തേക്കാൾ ഒട്ടും കുറവല്ല തിരുപത്നിമാരാൽ പ്രചരിതമായ പ്രവാചക വിജ്ഞാനം. പ്രവാചക സന്ദേശം പഠിക്കാനും പകർത്താനും പ്രബോധനം ചെയ്യാനും തിരുപത്നിമാരെ അല്ലാഹു തന്നെ ചുമതലപ്പെടുത്തിയിരുന്നുവെന്നാണീ സൂക്തം സൂചിപ്പിക്കുന്നത്. ഇതും നബി(സ)ക്ക് ബഹുഭാര്യമാരെ അനുവദിച്ചതിന്റെ പല താൽപര്യങ്ങളിൽ ഒന്നാണെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അഭിപ്രായപ്പെട്ടിരിക്കുന്നു. ●

നിങ്ങളുടെ വസതികളിൽ ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവിക സൂക്തങ്ങളും പ്രവാചകൻ സ്വജീവിതത്തിലൂടെ അതിനു നൽകുന്ന കർമരൂപങ്ങളും നന്നായി പഠിക്കുകയും അതേപ്പറ്റി ചർച്ച ചെയ്യുകയും പ്രവാചകനെ അനുകരിക്കുകയും അതിന്റെ സന്ദേശം മറ്റുള്ളവരിലെത്തിക്കുകയും ചെയ്യുകയാണ് നിങ്ങളുടെ യഥാർഥ ദൗത്യം. ഇക്കാര്യത്തിൽ നിങ്ങളുടെ സേവനങ്ങളൊന്നും, അതെത്ര ലഘുവായാലും ഗുരുവായാലും അല്ലാഹു അറിയാതെ പോകുന്നില്ല. അവൻ എല്ലാം സൂക്ഷ്മമായും അഗാധമായും അറിയുന്നവനാണെന്ന് ഓർത്തിരിക്കുക. നിങ്ങളുടെ എല്ലാ ചലനങ്ങളും നിങ്ങളനുഭവിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും നിങ്ങളുടെ ആവശ്യങ്ങളുമെല്ലാം നിങ്ങളേക്കാൾ അറിയുന്നുണ്ട് അല്ലാഹു. സർവവും അവനിൽ സമർപ്പിച്ചുകൊണ്ട് ദൗത്യനിർവഹണത്തിൽ നിരതമായിരിക്കുക. നിങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരേണ്ടത് അവന്റെ ഉത്തരവാദിത്തമാകുന്നു.

പ്രവാചകൻ നിയുക്തനായത് പുരുഷന്മാർക്കു വേണ്ടി മാത്രമല്ല, പുരുഷന്മാരുടെ മാർഗദർശനത്തിനെന്ന പോലെ തന്നെ സ്ത്രീകളുടെയും മാർഗദർശനത്തിനു വേണ്ടിയാണ്. ബാഹ്യലോകത്തെന്ന പോലെ സ്വന്തം കുടുംബത്തിലും പ്രബോധനം ചെയ്യാൻ അദ്ദേഹം കൽപിക്കപ്പെട്ടിരുന്നു.

---

إِنَّ ٱلْمُسْلِمِينَ وَٱلْمُسْلِمَٰتِ وَٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ
وَٱلْقَٰنِتِينَ وَٱلْقَٰنِتَٰتِ وَٱلصَّٰدِقِينَ وَٱلصَّٰدِقَٰتِ وَٱلصَّٰبِرِينَ
وَٱلصَّٰبِرَٰتِ وَٱلْخَٰشِعِينَ وَٱلْخَٰشِعَٰتِ وَٱلْمُتَصَدِّقِينَ
وَٱلْمُتَصَدِّقَٰتِ وَٱلصَّٰٓئِمِينَ وَٱلصَّٰٓئِمَٰتِ وَٱلْحَٰفِظِينَ
فُرُوجَهُمْ وَٱلْحَٰفِظَٰتِ وَٱلذَّٰكِرِينَ ٱللَّهَ كَثِيرًا
وَٱلذَّٰكِرَٰتِ أَعَدَّ ٱللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٥﴾

35. നിശ്ചയം, ദീനുൽ ഇസ്‌ലാം സ്വീകരിച്ച പുരുഷന്മാരും സ്ത്രീകളും സത്യവിശ്വാസികളും വിശ്വാസിനികളും അല്ലാഹുവിനോട് വണക്കമുള്ള സ്ത്രീപുരുഷന്മാരും സത്യവാന്മാരും സത്യവതികളും സഹനശാലികളും സഹനശാലിനികളും ദൈവഭക്തന്മാരും ഭക്തകളും ദാനധർമിഷ്ഠരും ധർമിഷ്ഠകളും വ്രതമനുഷ്ഠിക്കുന്ന സ്ത്രീപുരുഷന്മാരും സ്വന്തം നഗ്നതകൾ സൂക്ഷിക്കുന്ന സ്ത്രീപുരുഷന്മാരും അല്ലാഹുവിനെ അധികമധികം സ്മരിക്കുന്ന സ്ത്രീ പുരുഷന്മാരുമുണ്ടല്ലോ, അവർക്ക് അല്ലാഹു പാപമുക്തിയും വമ്പിച്ച കർമഫലവും ഒരുക്കിവെച്ചിരിക്കുന്നു.

**35**

إِنَّ الْمُسْلِمِينَ وَالْمُسْلِمَاتِ = നിശ്ചയം (ദീനുൽ) ഇസ്‌ലാം സ്വീകരിച്ച പുരുഷന്മാരും സ്ത്രീകളും

وَالْمُؤْمِنِينَ وَالْمُؤْمِنَاتِ = സത്യവിശ്വാസികളും വിശ്വാസിനികളും

وَالْقَانِتِينَ وَالْقَانِتَاتِ = (അല്ലാഹുവിനോട്) വണക്കമുള്ള സ്ത്രീപുരുഷന്മാരും

وَالصَّادِقِينَ وَالصَّادِقَاتِ = സത്യവാന്മാരും സത്യവതികളും وَالصَّابِرِينَ وَالصَّابِرَاتِ = സഹനശാലികളും സഹനശാലിനികളും

وَالْخَاشِعِينَ وَالْخَاشِعَاتِ = (ദൈവ) ഭക്തന്മാരും ഭക്തകളും وَالْمُتَصَدِّقِينَ وَالْمُتَصَدِّقَاتِ = ദാനധർമിഷ്ഠരും ധർമിഷ്ഠകളും

وَالصَّائِمِينَ وَالصَّائِمَاتِ = വ്രതമനുഷ്ഠിക്കുന്ന സ്ത്രീപുരുഷന്മാരും

وَالْحَافِظِينَ فُرُوجَهُمْ وَالْحَافِظَاتِ = സ്വന്തം ഗുഹ്യഭാഗങ്ങൾ (നഗ്നതകൾ) സൂക്ഷിക്കുന്ന സ്ത്രീപുരുഷന്മാരും

وَالذَّاكِرِينَ اللَّهَ كَثِيرًا وَالذَّاكِرَاتِ = അല്ലാഹുവിനെ അധികമധികം സ്മരിക്കുന്ന സ്ത്രീപുരുഷന്മാരും (ഉണ്ടല്ലോ)

أَعَدَّ اللَّهُ لَهُم = അവർക്ക് അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു مَّغْفِرَةً = പാപമുക്തി وَأَجْرًا عَظِيمًا = വമ്പിച്ച കർമഫലവും

പ്രവാചകപത്നിമാരെ സംബോധന ചെയ്തുകൊണ്ട് ആരംഭിച്ച ഉദ്ബോധനം മുഴുവൻ മുസ്‌ലിംകളോടുമുള്ള ഉദ്ബോധനമായി ഉപസംഹരിക്കുന്നു ഈ സൂക്തം. അത് വ്യക്തമായി പ്രസ്താവിക്കുന്ന കാര്യങ്ങൾക്കു പുറമെ സുപ്രധാനമായ രണ്ട് ആന്തരാർഥവും കൂടി ഉൾക്കൊള്ളുന്നു:

1. പ്രവാചകപത്നിമാർക്ക് നൽകിയ ഉപദേശങ്ങൾ വാസ്തവത്തിൽ എല്ലാ മുസ്‌ലിം സ്ത്രീപുരുഷന്മാരും പാലിക്കേണ്ട ദീനീമര്യാദകളാണ്. മുൻ സൂക്തങ്ങളിൽ പ്രവാചകപത്നിമാ

രോട് പറഞ്ഞ കാര്യങ്ങൾ തന്നെയാണ് മറ്റൊരു ശൈലിയിൽ ഈ സൂക്തം മുസ്‌ലിം പൊതുസമൂഹത്തോടും പറയുന്നത്. നേരത്തേ സൂചിപ്പിച്ചതുപോലെ ആദ്യം അത് പ്രവാചകപത്നിമാരെ സംബോധന ചെയ്തുകൊണ്ട് പ്രസ്താവിച്ചത് ഇക്കാര്യത്തിൽ അവർ കൂടുതൽ ശ്രദ്ധയും ജാഗ്രതയും പുലർത്തുകയും മറ്റു വിശ്വാസിനികൾക്ക് മാതൃകയായി വർത്തിക്കുകയും ചെയ്യേണ്ടതുണ്ട് എന്നുണർത്തുന്നതിനു വേണ്ടിയാകുന്നു. 2. വിശ്വാസികളായ സ്ത്രീകളെയും പുരുഷന്മാരെയും ഇസ്‌ലാം തുല്യരായി കാണുന്നു. അടിസ്ഥാന വിശ്വാസങ്ങളിലോ മൗലിക ദീനീബാധ്യതകളിലോ അവർക്കിടയിൽ യാതൊരു വിവേചനവുമില്ല. പുരുഷന്മാർ വിശ്വസിക്കേണ്ട ആദർശങ്ങളിൽ സ്ത്രീകളും വിശ്വസിക്കണം. പുരുഷന്മാർ പാലിക്കേണ്ട അടിസ്ഥാന ധർമങ്ങൾ തന്നെയാണ് സ്ത്രീകളും പാലിക്കേണ്ടത്. ഇരുകൂട്ടർക്കുമുള്ള കർമഫലവും തുല്യമായിരിക്കും. أَعَدَّ اللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا

4:123-ൽ പ്രസ്താവിച്ചു: وَمَن يَعْمَلْ مِنَ الصَّالِحَاتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ (സ്ത്രീയാവട്ടെ, പുരുഷനാവട്ടെ, സൽക്കർമങ്ങൾ ചെയ്യുന്നവരാരോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാകുന്നു). ഈദൃശ സൂക്തങ്ങൾ വേറെയുമുണ്ട്. അവയൊന്നും സ്ത്രീയെയോ അവളുടെ കർമത്തെയോ വിലകുറഞ്ഞതോ രണ്ടാം തരമോ ആയി കാണുന്നില്ല. ഇസ്‌ലാം സ്ത്രീകൾക്ക് നൽകുന്ന തുല്യപരിഗണന വെളിപ്പെടുത്തുന്നതിനു വേണ്ടി കൂടിയാണ് ഈ സൂക്തം അവതരിച്ചതെന്ന് സൂചിപ്പിക്കുന്ന ഒന്നിലധികം നിവേദനങ്ങളുണ്ട്. ഇമാം തിർമിദി ഉമ്മു അമ്മാറ എന്ന അൻസ്വാരി വനിതയെ ഉദ്ധരിക്കുന്നു: ''അവർ നബി(സ)യുടെ അടുത്തു ചെന്ന് ബോധിപ്പിച്ചു: 'ഖുർആൻ പറയുന്നതൊക്കെയും പുരുഷന്മാരോടാണല്ലോ. സ്ത്രീകൾ പരാമർശിക്കപ്പെടുന്നതായേ കാണുന്നില്ല.' അപ്പോൾ إِنَّ الْمُسْلِمِينَ وَالْمُسْلِمَاتِ എന്ന സൂക്തം അവതരിച്ചു.'' ഖുർആൻ വിശ്വാസികളെ പരാമർശിക്കുകയും വിശ്വാസിനികളെ പരാമർശിക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ് എന്ന് സ്ത്രീകൾ ചോദിച്ചപ്പോഴാണ് ഈ സൂക്തം അവതരിച്ചതെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ത്വബറാനിയും ഉദ്ധരിച്ചിരിക്കുന്നു. ഖുർആൻ പുരുഷന്മാരെക്കുറിച്ച് പറയുന്നതുപോലെ സ്ത്രീകളെക്കുറിച്ച് പറയാത്തതെന്താണ് എന്ന് താൻ നബി(സ)യോട് ചോദിച്ചതിനെത്തുടർന്നാണ് ഈ സൂക്തം അവതരിച്ചതെന്ന് ഉമ്മുസലമ (റ) പ്രസ്താവിച്ചതായി ഇമാം അഹ്മദും നസാഈയും ഇബ്നുജരീറും നിവേദനം ചെയ്യുന്നുണ്ട്.

അല്ലാഹു ആവശ്യപ്പെടുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന സമൂഹത്തിന് ഉണ്ടായിരിക്കേണ്ട പത്ത് ഗുണങ്ങളാണ് ഈ സൂക്തം എണ്ണിപ്പറയുന്നത്. ആ ഗുണങ്ങളിൽ പുരുഷന്മാരും സ്ത്രീകളും തുല്യരാകുന്നു. നേരത്തേ വ്യത്യസ്ത സൂക്തങ്ങളിൽ പ്രവാചകപത്നിമാർക്ക് നൽകിയ ഉപദേശങ്ങളും എണ്ണിനോക്കിയാൽ പത്തെണ്ണമാണെന്നു കാണാം. ഒടുവിൽ അവ ഒറ്റ സൂക്തത്തിൽ സംഗ്രഹിച്ചിരിക്കുകയാണിവിടെ. യഥാർഥത്തിൽ ഈ ഗുണങ്ങൾ മൊത്തം സമൂഹം ആർജിക്കേണ്ടതായതിനാൽ ഈ സൂക്തം പുരുഷന്മാരെ കൂടി അതിന്റെ വരുതിയിലുൾപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിന്റെ അർധാംശമാണല്ലോ സ്ത്രീകൾ. സമൂഹത്തിന്റെ ഗതിവിഗതികളിലും നേട്ടകോട്ടങ്ങളിലും അവരുടെ പങ്ക് പുരുഷന്മാരുടേതിനേക്കാൾ ഒട്ടും കുറവല്ല. സ്ത്രീകൾ പ്രസവിക്കുന്നതുകൊണ്ടാണ് വംശം നിലനിൽക്കുന്നത്. സ്ത്രീകൾ പ്രസവിക്കണമെങ്കിൽ പുരുഷൻ തന്റെ ബീജം അവളിൽ നിക്ഷേപിക്കേണ്ടതുണ്ട്. ബീജനിക്ഷേപവും ഗർഭവും തുല്യ പ്രാധാന്യമുള്ള കാര്യങ്ങളാണ്. പ്രജനനത്തിലെന്നപോലെ മറ്റു ചില ജീവിതധർമങ്ങളിലും സ്ത്രീപുരുഷന്മാരുടെ ഉത്തരവാദിത്തങ്ങൾ വ്യത്യസ്തങ്ങളാണ്. ആ വ്യത്യാസങ്ങൾ ഉച്ചനീചത്വത്തിന്റേതോ വൈരുധ്യത്തിന്റേതോ അല്ല, സഹകരണത്തിന്റേതും സമരസത്തിന്റേതുമാണ്. മനുഷ്യർ എന്ന നിലയിൽ അവകാശബാധ്യതകളിൽ തുല്യരാണ് ഇരുകൂട്ടരും.

ഇവിടെ പ്രസ്താവിക്കുന്ന ദശഗുണങ്ങൾ ആഴത്തിൽ പരിശോധിച്ചാൽ അത് മുഴുവൻ ഇസ്‌ലാമിക സംസ്കാരത്തെയും ധർമത്തെയും ഉൾക്കൊള്ളുന്നുവെന്നു കാണാം. ഈ ധർമങ്ങളും ചര്യകളും വിശേഷണപദങ്ങളുടെ രൂപത്തിൽ അവതരിപ്പിച്ചത് സമൂഹത്തിലെ ഓരോ വ്യക്തിയും സദാ ഈ ഗുണങ്ങൾ ധരിച്ചവനായിരിക്കണം എന്നു സൂചിപ്പിക്കുന്നു. പരാമൃഷ്ട ഗുണങ്ങളിൽ ചിലത് അല്ലാഹുവിന്റെ അവകാശങ്ങളുമായും ചിലത് സമസൃഷ്ടികളുടെ അവകാശങ്ങളുമായും ചിലത് ആത്മസംസ്കരണവുമായും ബന്ധപ്പെട്ടതാണ്.

1. اسلام . മുസ്‌ലിം സമൂഹത്തിലെ അംഗവും മതവിധികൾ പാലിക്കാൻ പ്രതിജ്ഞാബദ്ധനുമായ വ്യക്തിയാണ് മുസ്‌ലിം.

2. إيمان . അല്ലാഹുവിലും അന്ത്യപ്രവാചകനിലും അവർ അനുശാസിച്ച നിയമങ്ങളിലും മര്യാദകളിലുമുള്ള പൂർണ വിശ്വാസമാണ് ഈമാൻ. ഈമാനും ഇസ്‌ലാമും തമ്മിലുള്ള വ്യത്യാസം ഇതാണ്: ഇസ്‌ലാമികാദർശങ്ങളിലുള്ള സത്യസന്ധമായ വിശ്വാസവും ആ വിശ്വാസത്തിന്റെ താൽപര്യങ്ങളോടുള്ള പ്രതിബദ്ധതയുമാണ് ഈമാൻ. ഇസ്‌ലാം വാക്കും കർമവുമാണ്. ഇസ്‌ലാം ബാഹ്യമാണെങ്കിൽ ഈമാൻ ആന്തരികമാണ്. ഈമാൻ പരോക്ഷവും ഇസ്‌ലാം പ്രത്യക്ഷവുമാകുന്നു എന്നും പറയാം. ഇസ്‌ലാമികാദർശങ്ങൾ വേണ്ടവണ്ണം ഉൾക്കൊള്ളാതെ പ്രത്യക്ഷത്തിൽ ഇസ്‌ലാമികനിയമങ്ങൾ പാലിച്ചിരുന്ന ഗ്രാമീണരെക്കുറിച്ച് ഖുർആൻ പറഞ്ഞു: ''ഗ്രാമീണ അറബികൾ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു പറയുന്നുണ്ട്. പ്രവാചകൻ അവരോട് പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എങ്കിലും ഞങ്ങൾ മുസ്‌ലിംകളായിരിക്കുന്നു എന്നു പറഞ്ഞുകൊള്ളുക. ഈമാൻ ഇനിയും നിങ്ങളുടെ ഹൃദയാന്തരാളങ്ങളിലേക്ക് കടന്നിട്ടില്ല'' (49:14). മുസ്‌ലിംകളെല്ലാവരും മുഅ്മിനുകളായിരിക്കണമെന്നില്ല. എന്നാൽ മുഅ്മിനുകളെല്ലാം മുസ്‌ലിംകളായിരിക്കും.

3) قنوت. തികഞ്ഞ വിധേയത്വവും അച്ചടക്കത്തോടെയുള്ള അനുസരണവുമാണ് ഖുനൂത്ത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നിരന്തരമായ സൽക്കർമാനുഷ്ഠാനവും അല്ലാഹുവിനോട് നിറഞ്ഞ തൃപ്തിയോടെയുള്ള വിധേയത്വവും. നേരത്തേ 31-ാം സൂക്തത്തിൽ 'ഖുനൂത്ത്' പരാമർശിച്ചിട്ടുണ്ട്. അല്ലാഹുവിനെയും റസൂലിനെയും പൂർണ മനസ്സോടെയും തികഞ്ഞ വിനയത്തോടെയും വിധേയത്വത്തോടെയും അനുസരിക്കുന്നതിനെയാണ് അവിടെ ഖുനൂത്ത് എന്ന് വ്യവഹരിച്ചിരിക്കുന്നത്. സൂറ *അസ്സുമർ* 9-ാം സൂക്തത്തിലെ أَمَّنْ هُوَ قَانِتٌ آنَاءَ اللَّيْلِ سَاجِدًا وَقَائِمًا يَحْذَرُ الْآخِرَةَ وَيَرْجُو رَحْمَةَ رَبِّهِ (കുഫ്റിൽ അഭിരമിക്കുന്നവനാണോ അതല്ല, നിശാവേളകളിൽ അല്ലാഹുവിന് പ്രണാമം ചെയ്യുകയും നിന്ന് പ്രാർഥിക്കുകയും പരലോകത്തെ ഭയപ്പെടുകയും തന്റെ വിധാതാവിന്റെ കാരുണ്യം പ്രതീക്ഷിക്കുകയും ചെയ്യുന്നവനാണോ ശ്രേഷ്ഠൻ?!) എന്ന വാക്യം ഖുനൂത്തിന്റെ ഈ ആശയം പ്രകാശിപ്പിക്കുന്നുണ്ട്. *അർറൂം* 26-ാം സൂക്തത്തിൽ وَلَهُ مَن فِي السَّمَاوَاتِ وَالْأَرْضِ ۖ كُلٌّ لَّهُ قَانِتُونَ (വാനഭുവനങ്ങളിലുള്ളതൊക്കെയും അവന്റേതാകുന്നു. എല്ലാം അങ്ങേയറ്റത്തെ താഴ്മയോടെ അവനെ വണങ്ങി വാഴുന്നു) എന്നും പ്രസ്താവിച്ചിരിക്കുന്നു.

ഈ മൂന്ന് കാര്യങ്ങളെ പണ്ഡിതന്മാർ ഇങ്ങനെ ക്രമീകരിച്ചിരിക്കുന്നു: സത്യസാക്ഷ്യ മൊഴി (نطق الشهادتين), നമസ്കാരം നിലനിർത്തൽ, സകാത്ത് കൊടുക്കൽ, വ്രതാനുഷ്ഠാനം, ഹജ്ജ് എന്നീ കർമങ്ങളിലൂടെ പ്രകടമാകുന്നതാണ് ഇസ്‌ലാം. അതിൽനിന്ന് തൊട്ടു മുകളിലുള്ള, എളിമത്തത്തിന്റെയും മനസ്സിനകത്തെ കലവറയില്ലാത്ത സത്യപ്പെടുത്തലിന്റെയും പടിയിലേക്ക് ഉയരുന്നു. അല്ലാഹുവിലും മലക്കുകളിലും വേദങ്ങളിലും പ്രവാചകന്മാരിലും അന്ത്യനാളിലും വിധിയിലും ഉള്ള വിശ്വാസം ഇതിൽപെടുന്നു. ഈ ഗുണങ്ങളുടെ സമുച്ചയമാണ് ഖുനൂത്ത്. നിയമങ്ങളനുസരിക്കുന്നതിലും ആരാധനകളനുഷ്ഠിക്കുന്നതിലുമുള്ള ഒതുക്കവും ഭയഭക്തിയുമാണത്.

4. صدق. ഒരു വ്യക്തിയെ 'സ്വാദിഖ്' എന്ന് വിശേഷിപ്പിക്കുന്നത് സത്യം പറയുന്നവൻ എന്ന അർഥത്തിൽ മാത്രമല്ല. വാക്കിലും പ്രവൃത്തിയിലും ഉദ്ദേശ്യത്തിലും സത്യസന്ധതയും ആത്മാർഥതയും നീതിനിഷ്ഠയുമുള്ളവനാണ് യഥാർഥ സത്യസന്ധൻ-صادق. ഈ അർഥത്തിൽ منافق(കപടൻ)-ന്റെ വിപരീതമാണ് صادق.

5. صبر. ഭാഷാർഥത്തിൽ ക്ഷമയും സഹനവുമാണ് സ്വബ്ർ. ഖുർആൻ ഈ പദം ഉപയോഗിച്ചിട്ടുള്ളത് പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും മറികടന്ന് ആദർശപാതയിൽ ഉറച്ച കാൽവെപ്പുകളോടെ മുന്നോട്ടു പോകാനുള്ള ധൈര്യത്തെയും നിശ്ചയദാർഢ്യത്തെയും കുറിക്കാനാണ്. വിശ്വാസികളുടെ ഈ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു യഥാർഥത്തിൽ ദീനിന്റെ നിലനിൽപ്.

6. خشوع. അല്ലാഹുവിന്റെ പ്രഭാവവും മഹത്വവും ഗാംഭീര്യവും സർവശക്തിയുമെല്ലാം ശരിയായി സങ്കൽപിക്കുന്നതിൽനിന്ന് മനസ്സിലുളവാകുന്ന ഭയഭക്തിവികാരമാണ് 'ഖുശൂഅ്.' അതുള്ളവർ അല്ലാഹുവിന്റെ മുന്നിൽ പരമ വിനീതരായിരിക്കും. അവന്റെ സൃഷ്ടികളോടുള്ള അവരുടെ സമീപനം അനുകമ്പയും ഔദാര്യവും നിറഞ്ഞതായിരിക്കും. താൻ അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അല്ലാഹു തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന വിചാരത്തോടെയായിരിക്കും ഖുശൂഅ് ഉള്ളവരുടെ എല്ലാ വ്യവഹാരങ്ങളും. വ്യക്തിപരവും സാമൂഹികവുമായ എല്ലാ തിന്മകളുടെയും അടിവേരായ استكبار(അഹങ്കാരം)-ന്റെ വിപരീതമാണ് خشوع.

7. التصدق. തന്റെ വിഭവങ്ങളും കഴിവുകളും അതില്ലാത്ത ദുർബലരായ സഹജീവികൾക്ക് പങ്കുവെക്കുകയാണ് ദാനധർമം. ഇത് നിർബന്ധമായതും ഐഛികമായതും ഉണ്ട്. ഇവിടെ രണ്ടും ഉദ്ദേശിച്ചിരിക്കുന്നു. രണ്ടുതരം ദാനധർമങ്ങളെക്കുറിച്ചും ഖുർആൻ ആവർത്തിച്ചുണർത്തുന്നുണ്ട്. ഒരു നബിവചനത്തിൽ പറയുന്നു: الصدقة تطفئ الخطيئه كما يطفئ الماء النّار (ദാനധർമങ്ങൾ പാപങ്ങളെ കെടുത്തിക്കളയുന്നു, വെള്ളം തീ കെടുത്തുന്നതുപോലെ). ഈമാനും ഖുനൂത്തും ഖുശൂഉം സ്വബ്റുമൊക്കെ അടിമക്ക് അല്ലാഹുവിനോടുള്ള ബാധ്യതയുമായി ബന്ധപ്പെട്ടതാണെങ്കിൽ ദാനധർമങ്ങൾ അടിമക്ക് മറ്റടിമകളോടുള്ള ബാധ്യതയുമായി ബന്ധപ്പെട്ടതാകുന്നു. ദൈവദാസൻ തന്റെ മുതലും യോഗ്യതകളും മറ്റു ദാസന്മാരുടെ ആവശ്യങ്ങൾ നിവർത്തിക്കാൻ വിനിയോഗിക്കുമ്പോൾ അത് അല്ലാഹുവിലും പരലോകത്തിലുമുള്ള അവന്റെ ഈമാനിനെ സാക്ഷാത്കരിക്കലാകുന്നു.

8. സദാചാരം. ഭാഷാർഥത്തിൽ حفظ الفرج ലൈംഗികാവയവങ്ങൾ സൂക്ഷിക്കലാണ്. സദാചാരലംഘനം പൊതുവായ മൂല്യച്യുതിയായി വളരുന്നു. ക്രമേണ സമൂഹം ലൈംഗികാരാജകത്വത്തിൽ പതിച്ചു മലീമസമാവുകയും ചെയ്യുന്നു. സുഭദ്ര സമുദായങ്ങളെ ശിഥിലമാക്കാൻ ചെകുത്താൻ ഉപയോഗിക്കുന്ന ശക്തമായ ആയുധമാണ് സ്ത്രീപുരുഷ ബന്ധത്തിനുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുക എന്നത്. എല്ലാ സ്ത്രീപുരുഷന്മാർക്കും ഏതു വിധേനയും തങ്ങളുടെ ആസക്തി ശമിപ്പിക്കാൻ അവകാശവും സ്വാതന്ത്ര്യവുമുണ്ട്, അതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് അവകാശലംഘനവും സ്വാതന്ത്ര്യധ്വംസനവുമാണ്. ഈ പൈശാചികപ്രബോധനം ഏറെ പ്രചാരം നേടിയ കാലമാണിത്. ഈ മാനോഭാവത്തിലേക്ക് പ്രവാചകപത്നിമാരെ നയിക്കാനുള്ള ശ്രമത്തിന്റെ തുടക്കമായിരുന്നു അവരെ ഭൗതിക സുഖഭോഗങ്ങളിലേക്ക് പ്രലോഭിപ്പിച്ചിരുന്ന കപട വിശ്വാസിനികളുടെ നടപടി. കഴിഞ്ഞ നൂറ്റാണ്ടിൽ അനിയന്ത്രിതമായ ലൈംഗിക ബന്ധങ്ങൾ ആത്മീയമായും സാംസ്കാരികമായും മാത്രമല്ല, ശാരീരികമായും മനുഷ്യനെ നശിപ്പിക്കുന്നുവെന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

9. صوم. വ്രതം പദാർഥബദ്ധതയിൽനിന്നും ജഡികാസക്തികളിൽനിന്നും ആത്മീയമായ ഔന്നത്യത്തിലേക്കും ഉദാത്തമായ മൂല്യങ്ങളിലേക്കും ഉയരാൻ അല്ലാഹു ഏർപ്പെടുത്തിയ ശിക്ഷണക്രമമാണ് വ്രതാനുഷ്ഠാനം. ഇത് നിർബന്ധമായതും ഐഛികമായതും ഉണ്ട്. രണ്ടും ഇവിടെ ഉദ്ദേശ്യമാകുന്നു. ജഡികാവശ്യങ്ങളെ മറികടക്കാൻ തുടങ്ങുമ്പോഴാണ് മനുഷ്യൻ ആത്മവിചാരത്തിലേക്കും വിശിഷ്ട സംസ്കാരത്തിലേക്കും കാലൂന്നുന്നത്. ജീവിതത്തിന്റെ അവശ്യഘടകങ്ങളായ അന്നപാനീയങ്ങളുപേക്ഷിക്കുന്ന മനുഷ്യൻ ഭൗതിക വിഭവങ്ങൾക്കും അതു നൽകുന്ന സുഖങ്ങൾക്കുമപ്പുറം അതിനേക്കാൾ വിശിഷ്ടവും മഹത്തരവുമായ ചില ആത്മീയ വിഭവങ്ങളിലേക്കും ആനന്ദങ്ങളിലേക്കും പ്രയാണം ചെയ്യുകയാണ്. ശരീരം വിശന്നവശമാകുമ്പോൾ ആത്മാവ് ബലിഷ്ഠവും ചടുലവുമാകുന്നു. ക്ഷുദ്രവിഭവങ്ങൾക്കു വേണ്ടിയുള്ള ആർത്തിയും അക്ഷമയും അചഞ്ചലമായ സഹനത്തിനും സ്ഥൈര്യത്തിനും വഴിമാറുന്നു. സൂറ *അൽബഖറ* 183–187 സൂക്തങ്ങളിൽ വ്രതാനുഷ്ഠാനത്തിന്റെ മഹത്വവും പ്രാധാന്യവും വിവരിച്ചിട്ടുണ്ട്. വിശദീകരണം ആ സൂക്തങ്ങൾക്കു താഴെ കാണുക.

10. ذكرالله-ദിക്റിന് നേരത്തേ സൂചിപ്പിച്ചിട്ടുള്ള എല്ലാ അർഥങ്ങളും ഇവിടെ സാധുവാകും. എങ്കിലും ദിക്റുല്ലാക്ക് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത് ദൈവസ്മരണ-നാമജപം- എന്ന അർഥമാകുന്നു. വിശ്വാസിയുടെ മനസ്സിൽ അല്ലാഹുവിന്റെ മഹിത ഗുണങ്ങളും വിശുദ്ധിയും ഗാംഭീര്യവുമെല്ലാം സദാ നിറഞ്ഞുനിൽക്കുന്നതിനുള്ള ഉപാധിയാണ് ذكرالله. അത് അവനെ അല്ലാഹുവിന് അനിഷ്ടകരമായ കാര്യങ്ങളിൽനിന്ന് അകറ്റുകയും ഇഷ്ടമായ കാര്യങ്ങളിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നു. ആ നിലക്ക് മുകളിൽ പറഞ്ഞ എല്ലാ സദ്ഗുണങ്ങളുടെയും ഉറവിടവും രക്ഷാകവചവും കൂടിയാണ് ذكرالله. പ്രഭാതത്തിലും പ്രദോഷത്തിലും പകലും രാത്രിയും നിന്നും ഇരുന്നും കിടന്നും പള്ളിയിലും പള്ളിയിൽനിന്ന് പിരിഞ്ഞുപോയി ജോലികളിലേർപ്പെടുമ്പോഴുമൊക്കെ ذكرالله ചെയ്തുകൊണ്ടിരിക്കണമെന്ന് ഖുർആൻ പല സന്ദർഭങ്ങളിലായി ഉണർത്തിയിട്ടുണ്ട്. ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: ഒരാൾ റസൂൽ തിരുമേനിയോട് ചോദിച്ചു: ''ഏറ്റവും വലിയ പ്രതിഫലം ലഭിക്കുന്ന ജിഹാദ് ഏതാണ് തിരുദൂതരേ?'' തിരുമേനി പറഞ്ഞു: ''അത്യുന്നതനായ അല്ലാഹുവിനെ ഏറ്റവുമധികം സ്മരിക്കുന്നവരുടേത്- اكثرهم الله تعالى ذكرا. ●